സർവ്വകലാശാലകളിലെ ഫീസ്

94(1159) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഒരു ഏകീകൃത ഫീസ് സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ സർവ്വകലാശാലകളിൽ ഏകീകൃത ഫീസ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സർവ്വകലാശാലകൾ അനിയന്ത്രിതമായി ഫീസ് വർദ്ധിപ്പിക്കുന്നത് തടയാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാം ;

(ഡി) സർവ്വകലാശാലകൾക്ക് ഒരു സമയം വർദ്ധിപ്പിക്കാൻ കഴിയുന്ന ഫീസിന്റെ നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര;

(ഇ) വർദ്ധിപ്പിക്കാൻ കഴിയുന്ന പരിധിക്കും മുകളിൽ ഫീസ് വർദ്ധിപ്പിച്ചിട്ടുള്ള സർവ്വകലാശാലകളുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഇല്ല. സർവ്വകലാശാലകൾ സ്വയംഭരണ സ്ഥാപനങ്ങളാണ്. സർവ്വകലാശാലകളിലെ പ്രവർത്തനങ്ങൾ അതാത് സർവ്വകലാശാലകളിലെ ആക്ടുകൾക്കു സ്റ്റാറ്റ്യൂട്ടുകൾക്കും വിധേയമായാണ് നടത്തുന്നത്.

(ബി-ഇ) ഇതുസംബന്ധിച്ച് നയപരമായ തീരുമാനങ്ങളൊന്നും നാളിതുവരെ കൈകൊണ്ടിട്ടില്ല.

വ്യാജ പട്ടയനിർമ്മാണം

95(1160) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ മുളിയാർ വില്ലേജ് ഓഫീസ് കേന്ദ്രീകരിച്ച് വ്യാജ പട്ടയ നിർമ്മാണം നടക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജ പട്ടയരേഖ ഉണ്ടാക്കി വില്ലേജ് ഓഫീസ് രജിസ്റ്ററിൽ ഉൾക്കൊള്ളിച്ച് നടത്തിയ തിരിമറി സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) അന്വേഷണത്തിൽ എന്തൊക്കെ കണ്ടെത്തിയെന്നും ആരൊക്കെയാണ് കുറ്റക്കാർ എന്നും വിശദമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly